# കൈപ്പുഴ ഉത്പാദക കമ്പനിയുടെ നീര പ്ലാന്റ് ശിലാസ്ഥാപനം 19-ന്

**കൊച്ചി:** 20 കോടി രൂപ മൂലധന നിക്ഷേപം നടത്തി നിർമ്മിക്കുന്ന കൊല്ലം കൈപ്പുഴ നാളികേര ഉത്പാദക കമ്പനിയുടെ നീര സംസ്കരണ പ്ലാന്റിന്റെ ശിലാസ്ഥാപനം 19 ന് രാവിലെ 9 -ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കും. മൈനാഗപ്പിള്ളിക്കു സമീപം തോട്ടുംമുഖത്ത് നിർമ്മിക്കുന്ന പ്ലാന്റിനാണ് മുഖ്യമന്ത്രി തറക്കല്ലിടുന്നത്.

നീര, നീരയിൽ നിന്നുള്ള ഇതര ഉത്പന്നങ്ങൾ തേങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളായ എഡിബിൾ ഓയിൽ, വെളിച്ചെണ്ണ ഹെയർടോണിക്, പായ്ക്കറ്റിലാക്കിയ കരിക്കിൻ വെള്ളം, നാളികേര ക്രീം, നാളികേരപ്പൊടി, ബിസ്ക്കറ്റ്, ചോക്ലേറ്റ്, ജാം, ഐസ്ക്രീം എന്നിവയും പ്ലാന്റിൽ ഉത്പ്പാദിപ്പിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. സമ്മേളനം കേന്ദ്രമന്ത്രി കൊടിക്കുന്നിൽ സുരേഷ് ഉത്ഘാടനം ചെയ്യും. കോവൂർ കുഞ്ഞുമോൻ എംഎൽഎ അധ്യക്ഷത വഹിക്കും.

നീരയുത്പന്നങ്ങളുടെ ലോഗോ പ്രകാശനം തൊഴിൽമന്ത്രി ഷിബു ബേബി ജോണും നീര വെബ്സൈറ്റിന്റെ ഉത്ഘാടനം മന്ത്രി കെ.ബാബുവും നിർവ്വഹിക്കും. നീരയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണോത്ഘാടനം ഹോർട്ടികോർപ്പ് ചെയർമാൻ ലാൽ വർഗീസ് കല്പകവാടി നിർവ്വഹിക്കും. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ.ജോസ് , മുൻമന്ത്രി എൻ.കെ.പ്രേമചന്ദ്രൻ, നീര കമ്മിറ്റി മെമ്പർ ബാബു ജോസഫ്, ജില്ലാ സഹകരണ ബാങ്ക് ചെയർമാൻ കെ.സി.രാജൻ, ജില്ലാ ഗവൺമെന്റ് പ്ലീഡർ സുധീർ ജേക്കബ്, ഡപ്യൂട്ടി എക്സൈസ് കമ്മീഷണർ ബാബുക്കുട്ടൻ തുടങ്ങിയവർ ആശംസകൾ നേരും.

പ്രതിദിനം 10000 ലിറ്റർ നീര സംസ്ക്കരിച്ച് പായ്ക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങളായിരിക്കും തുടക്കത്തിൽ ഉണ്ടാവുക. നീരയുടെ അളവു കൂടുന്നതനുസരിച്ച് പ്ലാന്റിന്റെ ശേഷി വികസിപ്പിക്കും.